പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3632 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**പകൽ വീടുകളുടെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ മാനസികാരോഗ്യ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | മാനസികാരോഗ്യ പരിപാടിയുടെ അവലോകനം എല്ലാ മാസവും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കുന്ന കോൺഫറൻസിൽ വിലയിരുത്താറുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ മാനസികാരോഗ്യപരിപാടിയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| ബി) | പകൽ വീടുകളുടെ പ്രവർത്തനം കാര്യക്ഷമമാണോ; ഈ സാമ്പത്തിക വർഷം പകൽ വീടുകളുടെ പ്രവർത്തനത്തിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; | ബി) | പകൽ വീടുകളുടെ പ്രവർത്തനം കാര്യക്ഷമമാണ്. ഈ സാമ്പത്തികവർഷം പകൽ വീടുകളുടെ പ്രവർത്തനത്തിനായി 6 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| സി) | പകൽ വീടുകളിൽ യോഗ്യതയുള്ള നഴ്സുമാരുടെയും ഡോക്ടർമാരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | ഉറപ്പാക്കിയിട്ടുണ്ട്.<br>പകൽ വീടുകൾ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിലാണ് നടത്തിവരുന്നത്. സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, നഴ്സുമാർ, എന്നിവരുടെ സേവനം ജില്ലാ മാനസികാരോഗ്യപരിപാടി വഴി ലഭ്യമാണ്. ഇതിനുപുറമേ യോഗ്യതയുള്ള നഴ്സുമാരുടെ സേവനവും പകൽ വീടുകൾ വഴി ലഭ്യമാക്കുന്നുണ്ട്. |

Shashi

സെക്ഷൻ ഓഫീസർ